# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2307** **18/06/2014-ൽ മറുപടിക്ക്**

## ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
" വി. ഡി. സതീശൻ
" ബെന്നി ബെഹനാൻ
" അൻവർ സാദത്ത്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കേരളത്തിൽ 2008 മുതൽ ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് 2008 ഏപ്രിൽ 15 മുതൽ പെയിൻ & പാലിയേറ്റീവ് കെയർ പോളിസി നടപ്പിലാക്കി വരുന്നു.<br>2008 ഏപ്രിൽ മാസത്തിൽ സംസ്ഥാന സർക്കാർ പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചതിന് തുടർച്ചയായി പാലിയേറ്റീവ് കെയർ രംഗത്ത് സർക്കാരിന്റെ പങ്കാളിത്തം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും പൊതുജനങ്ങൾക്കും ഒപ്പം നിന്നുകൊണ്ട് സർക്കാർ ആശുപത്രികൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. കിടപ്പിലായ രോഗികളുടെ വീടുകളിൽ എത്തി പരിചരണം നൽകുന്ന ഹോം കെയർ സംവിധാനമാണ് നടപ്പിലാക്കുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ഈ പദ്ധതി ലക്ഷ്യമിടുന്നത് സാന്ത്വന പരിചരണ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും പൊതുജനങ്ങൾക്കും ഒപ്പം നിന്നുകൊണ്ട് സർക്കാർ ആശുപത്രികൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കിടപ്പിലായ രോഗികളുടെ വീടുകളിൽ എത്തി പരിചരണം നൽകുന്ന ഹോം കെയർ സംവിധാനം നടപ്പിലാക്കുക എന്നതാണ്. സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകൾ ഗ്രാമപ്രദേശങ്ങളിൽ ഹോംകെയറും |

| | | | |
|---|---|---|---|
| | | | (ഗൃഹ സന്ദർശന പരിചരണം) താലൂക്ക് ജില്ലാ ആശുപത്രികളിൽ സെക്കൻഡറി കെയറുമാണ് നൽകി വരുന്നത്. കത്തീറ്റർ മാറ്റുക, മുറിവ് വൃത്തിയാക്കുക, റൈൽസ് ട്യൂബ് മാറ്റുക, ശയ്യാവലംബരായ രോഗികൾക്ക് മരുന്നും പരിചരണവും ഭവനങ്ങളിൽ പോയി നൽകുക എന്നതാണ് ഹോം കെയർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.<br>പ്രസ്തുത സേവനങ്ങൾക്കു പുറമെ, വിദഗ്ധരുടെ സേവനം ആശുപത്രികളിൽ വച്ച് നൽകുന്നതാണ് സെക്കൻഡറി കെയർ. |
| (സി) | പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കി വരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ : | (സി) | കേരളത്തിൽ 1042 (ആയിരത്തി നാല്പത്തിരണ്ട്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് പ്രാഥമിക തലത്തിൽ സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) | പദ്ധതി താലൂക്ക് ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ? | (ഡി) | കേരളത്തിൽ 2012-13 വർഷത്തിൽ താലൂക്ക് ആശുപത്രികൾ വഴി സാന്ത്വന പരിചരണം നടപ്പിലാക്കി വരുന്നു. ഇപ്പോൾ കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ